24
2026
സെപ്റ്റംബർ
വ്യാഴം
കന്നി ०८

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 184 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-184 | പേജ് 4. വില 2.00 രൂപ






02 പോളിടെക്നിക്ക് കോളേജുകളിൽ ലഹരിക്കെതിരെ 'സ്റ്റാൻഡ് വിത്ത് തൂഫാൻ'

03 സുഡാനി ഫ്രം നൈജീരിയയിലെ ഉമ്മ; നടി സാവിത്രി ശ്രീധരൻ അന്തരിച്ചു

04 അരവണ ക്ഷാമം: ദേവസ്വം ബോർഡ് പ്രസിഡൻറ് ഇന്ന് മുഖ്യമന്ത്രിയെ കാണും


# പൊഴിയൂർ കടൽഭിത്തി പൂർത്തിയാക്കും: മുഖ്യമന്ത്രി

## തീരദേശമേഖലയ്ക്ക് സർക്കാർ ഏറെ പ്രാധാന്യം നൽകുന്നു





തിരുവനനന്തപുരം: പൊഴിയൂർ കടൽഭിത്തി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. പൊഴിയൂർ കടൽ ഭിത്തി നിർമാണോദ്ഘാടനം പൊഴിയൂർ സർക്കാർ യു പി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കടൽക്ഷോഭത്താൽ ദുരന്തം അനുഭവിക്കുന്ന പൊഴിയൂർ നിവാസികളുടെ ഏറെക്കാലത്തെ ജനകീയ ആവശ്യമാണ് സർക്കാർ പരിഹരിക്കുന്നത്. സർക്കാർ അധികാരത്തിലെത്തി 100 ദിവസം തികയും മുമ്പ് ഈ കാര്യത്തിൽ തീരുമാനമെടുത്തു. പദ്ധതികൾ നടപ്പാക്കുക എന്ന ഉറച്ച നിലപാടാണ് സർക്കാരിന്റേത്. കടൽഭിത്തി നിർമാണത്തോടെ ജനങ്ങളുടെ വസ്തുവകകൾക്കും ജീവിതത്തിനും സംരക്ഷണം ഉറപ്പാകും. ഈ നാടുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ ഒന്നൊന്നായി പരിഹരിക്കും. വഴിമുക്ക്- അമരവിള റോഡിന്റെ വികസനം ഉൾപ്പെടെ നടപ്പാക്കും.

തീരദേശമേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകുന്നതായി മുഖ്യമന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖം ഉൾപ്പെടെ വികസന പാതയിലാണ്. തുറമുഖങ്ങളുമായി ചേർന്ന് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തീരപ്രദേശത്ത് ജീവിക്കുന്ന സാധാരണക്കാർക്ക് കൂടി സംരക്ഷണം ഒരുക്കാൻ പ്രതിജ്ഞാബദ്ധരാണ്. സർക്കാരിന്റെ ആദ്യ ബജറ്റിൽ 25 രൂപയുടെ മണ്ണെണ്ണ സബ്സിഡി 75 രൂപയാക്കി ഉയർത്തി. മത്സ്യത്തൊഴിലാളികളുടെയും തീരപ്രദേശത്തെ ജനങ്ങളുടെയും സങ്കടം മനസ്സിലാക്കിയ സർക്കാരാണ് കേരളത്തിലുള്ളത്. പ്രിയദർശനി പദ്ധതിയിലൂടെ സ്ത്രീകളോടുള്ള ബഹുമാനവും ആദരവും പ്രകടിപ്പിക്കുന്നു. ആശാപ്രവർത്തകർ, അങ്കണവാടി ടീച്ചർമാർ, മറ്റു തൊഴിലാളികൾ തുടങ്ങിയ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ശ്രദ്ധിക്കുന്ന സർക്കാരാണ് ഇവിടെ ഉള്ളത്. സാധാരണക്കാർക്കൊപ്പം എന്നും നിലകൊള്ളുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

പൊഴിയൂർ തീരപ്രദേശത്തെ 3,000 ത്തിലധികം കുടുംബങ്ങളുടെ ആവശ്യമാണ് പരിഹരിക്കപ്പെടുന്നതെന്ന് അധ്യക്ഷ പ്രസംഗത്തിൽ ജലവിഭവ- ഭവനനിർമാണ വകുപ്പ് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ 93 കോടിരൂപയുടെ പദ്ധതിക്ക് മേൽനോട്ടം വഹിക്കും. ഏകദേശം 1700 മീറ്റർ തീരസംരക്ഷണം ഉറപ്പാക്കും. കടൽഭിത്തിയുടെ മുകളിൽ 4.5 മീറ്റർ വീതിയിൽ നടപ്പാതയും നിർമിക്കും. സർക്കാരിന്റെ 100 ദിന കർമപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതിയെന്ന് മന്ത്രി കൂട്ടിച്ചേർത്തു. എൻ ശക്തൻ എംഎൽഎ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കടലേറ്റത്തിൽ വീടും ജീവിതവും തന്നെ നഷ്ടമാകുമെന്ന് ഭയപ്പെട്ട് ജീവിക്കുന്ന പൊഴിയൂരിലെ പതിനായിരക്കണക്കിന് ആളുകൾക്കാണ് ആശ്വാസമാകുന്നത്. പൊഴിയൂരിലിലേയും കൊല്ലംകോട്ടേയും തീരത്തിൻറെ ഒരു ഭാഗം ഇതിനകം തന്നെ കടലെടുത്തു. വീടുകൾ പലതും ഇല്ലാതായി. കടൽ കയറി സംസ്ഥാനപാത വരെ തകർന്നു. ഒടുവിൽ പുലിമുട്ടുകൾ ഉൾപ്പെടെയുള്ള പദ്ധതിക്ക് തുടക്കമാവുകയാണ്.

## ഭാരോദ്വഹനത്തിൽ 28 വർഷത്തിനുശേഷം മെഡൽ നേട്ടം; മീരാബായ് ചാനുവിന് വെള്ളി



നഗോയ: ഏഷ്യൻ ഗെയിംസ് ഭാരോദ്വഹനത്തിൽ ഒരു മെഡലിനായുള്ള ഇന്ത്യയുടെ 28 വർഷത്തെ കാത്തിരിപ്പിന് വിരാമം. മീരാബായ് ചാനുവിലൂടെയാണ് ഇന്ത്യയുടെ മെഡൽ നേട്ടം.

വനിതകളുടെ 49 കിലോഗ്രാം വിഭാഗത്തിലായിരുന്നു ചാനുവിൻറെ വെള്ളി തിളക്കം. 1998-ൽ കർണം മല്ലേശ്വരി വെങ്കലം നേടിയശേഷം ഏഷ്യൻ ഗെയിംസ് ഭാരോദ്വഹനത്തിൽ ഇന്ത്യ നേടുന്ന ആദ്യ മെഡലാണിത്.

മത്സരത്തിൽ ആകെ 198 കിലോഗ്രാം ഉയർത്തിയാണ് ചാനു വെള്ളി മെഡൽ സ്വന്തമാക്കിയത്. സ്നാച്ചിൽ ആദ്യ ശ്രമത്തിൽ 83 കിലോഗ്രാം ഉയർത്തിയ താരം, തുടർന്ന് 85 കിലോഗ്രാമും പിന്നീട് 88 കിലോയും വിജയകരമായി ഉയർത്തി മത്സരത്തിൻറെ ആദ്യ പകുതിയിൽ മൂന്നാം സ്ഥാനത്തെത്തി. ശേഷം ക്ലീൻ ആൻഡ് ജെർക്കിൽ 111 കിലോഗ്രാം ഉയർത്തി മികച്ച പ്രകടനത്തോടെ താരം വെള്ളി മെഡൽ ഉറപ്പിക്കുകയായിരുന്നു.

ഈ ചരിത്രവിജയത്തോടെ ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് എന്നിവയിലെല്ലാം മെഡൽ തികയ്ക്കാൻ ചാനുവിന് സാധിച്ചു.

## ട്രെയിനിലെ മോഷണം: റെയിൽവേ പൊലിസ് നടപടിയിൽ 48 പേർ പിടിയിൽ

തിരുവനന്തപുരം: ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും യാത്രയ്ക്കിടയിലെ കവർച്ച തടയുന്നതിനുമായി കേരള റെയിൽവേ പൊലിസ് കഴിഞ്ഞ ഒരു മാസത്തിനിടെ നടത്തിയ പ്രത്യേക പരിശോധനയിൽ 48 മോഷ്ടാക്കൾക്കെതിരെ നിയമനടപടി സ്വീകരിച്ചു. കേരളത്തിനകത്തും പുറത്തുനിന്നുമായി അറസ്റ്റിലായ പ്രതികളെ റിമാൻഡ് ചെയ്തു. സംസ്ഥാനത്തെ വിവിധ റെയിൽവേ സ്റ്റേഷനുകളും ട്രെയിനുകളും കേന്ദ്രീകരിച്ച് നടത്തിയ ഊർജിത അന്വേഷണത്തിലാണ് പ്രതികൾ വലയിലായത്. രാത്രികാലങ്ങളിൽ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ഉറങ്ങിക്കിടക്കുന്ന യാത്രക്കാരേയും തിരക്കുള്ള ട്രെയിനുകളിൽ യാത്ര ചെയ്യുന്നവരേയും ആണ് മോഷ്ടാക്കൾ ലക്ഷ്യമിടുന്നത്. മോഷണം സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സൈബർ സെല്ലിൻറെയും രഹസ്യാന്വേഷണ വിഭാഗത്തിൻറെയും സഹകരണത്തോടെ റെയിൽവേ പൊലിസ് നടത്തിയ ശാസ്ത്രീയ അന്വേഷണങ്ങൾക്കൊടുവിലാണ് പ്രതികൾ പിടിയിലായത്.

അറസ്റ്റിലായവരിൽ നിന്ന് 30 ലക്ഷത്തിലധികം രൂപ വിലമതിക്കുന്ന തൊണ്ടിമുതലുകൾ പൊലിസ് പിടിച്ചെടുത്തു. ഇതിൽ 54 മൊബൈൽ ഫോണുകൾ, രണ്ടു ലാപ്ടോപ്പുകൾ, സ്വർണാഭരണങ്ങൾ, 90, 000 രൂപ, ചാർജറുകൾ, മറ്റ് വിലപിടിപ്പുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നു. പിടിച്ചെടുത്ത ഫോണുകളുടെയും ലാപ്ടോപ്പുകളുടെയും യഥാർഥ ഉടമസ്ഥരെ കണ്ടെത്തി തിരികെ നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് പൊലിസ് അറിയിച്ചു. വരും ദിവസങ്ങളിലും സംസ്ഥാനത്തുടനീളം ട്രെയിനുകളിലും റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും നിരീക്ഷണവും പരിശോധനകളും കൂടുതൽ കർശനമാക്കുമെന്നും കേരള റെയിൽവേ പൊലിസ് വ്യക്തമാക്കി.

## ബാങ്ക് ജീവനക്കാരുടെ പണിമുടക്ക്: അടുത്ത ഞായറാഴ്ച ബാങ്കുകൾ പ്രവർത്തിക്കും

ന്യൂഡൽഹി: ബാങ്ക് ജീവനക്കാരുടെ തുടർച്ചയായ മൂന്ന് ദിവസത്തെ പണിമുടക്ക് ജനജീവിതത്തെ ബാധിക്കാതിരിക്കാൻ അടുത്ത ഞായറാഴ്ച (27 സെപ്റ്റംബർ ) രാജ്യത്തെ ബാങ്കുകൾ പ്രവർത്തിക്കാൻ തീരുമാനമായി.സെപ്റ്റംബർ 28 മുതൽ 30 വരെ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസിൻറെ നേതൃത്വത്തിലാണ് ബാങ്ക് ജീവനക്കാർ പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്. ഇതിനു തൊട്ടു മുൻപുള്ള ദിവസങ്ങൾ നാലാം ശനിയാഴ്ചയും ഞായറാഴ്ചയും ആയതിനാൽ ഫലത്തിൽ അഞ്ച് ദിവസത്തോളം ബാങ്കിംഗ് സേവനങ്ങൾ തടസപ്പെടുന്ന സാഹചര്യം ഒഴിവാക്കാനാണ് റിസർവ് ബാങ്കിൻെറ അനുമതിയോടെ കേന്ദ്രസർക്കാർ ഈ നടപടി സ്വീകരിച്ചിരിക്കുന്നത്.സെപ്റ്റംബർ 30 ബാങ്കുകളുടെ അർധവാർഷിക കണക്കെടുപ്പ് നടക്കുന്ന ദിവസമാണ്. ട്രഷറി ഉൾപ്പെടെയുള്ളവയ്ക്ക് ഈ തീയതി നിർണായകമാണ്. പണിമുടക്ക് ബാങ്കുകളുടെ കണക്കെടുപ്പുകളെയും വിപണി ക്രമീകരണങ്ങളെയും ബാധിച്ചേക്കാം.ഈ സാഹചര്യങ്ങൾ മുൻകൂട്ടി കണ്ട് ഇടപാടുകൾ നേരത്തെ പൂർത്തിയാക്കാനും ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ബാങ്കുകൾ ഉപഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തീരദേശത്തെ ലഹരിക്കെതിരേ സംയുക്ത അവലോകന യോഗം നടത്തി

കൊല്ലം: തീരദേശത്ത് വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിനും വിൽപ്പനയ്ക്കുമെതിരേ മുക്തി തീരം ജനകീയ പ്രതിരോധ കൂട്ടായ്മയുടെയും നാർക്കോട്ടിക് സെൽ, കോസ്റ്റൽ ഗാർഡ്, പള്ളിത്തോട്ടം പൊലിസ്, എക്സൈസ് വകുപ്പുകളുടെയും സംയുക്ത അവലോകന യോഗം നടന്നു. എഫ്സിഡിപി ഡയറക്ടർ ഫാ. സജി ഇളമ്പാശേരിൽ എസ്ഡിബി അധ്യക്ഷത വഹിച്ചു.എസിപി വിജയശങ്കർ, കോസ്റ്റൽ ഗാർഡ് എസ്എച്ച്ഒ രാജൻ ബാബു, പള്ളിത്തോട്ടം എസ്എച്ച്ഒ പ്രതിഭ നായർ, എക്സൈസ് ഓഫീസർ പ്രസന്നൻ ഗോപി, കെസിബിസി മദ്യവിരുദ്ധ സമിതി പ്രതിനിധി എ. ജെ. ഡിക്രൂസ്, ടിഎംഎസ് കോ-ഓർഡിനേറ്റർ മിനി മേരി എന്നിവർ പ്രസംഗിച്ചു.

## തുറമുഖങ്ങളിൽ മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ തുടരും

കേരള, കർണാടക തീരങ്ങളിലും ലക്ഷദ്വീപ് മേഖലയിലും ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരളത്തിലെ തുറമുഖങ്ങളിൽ ലോക്കൽ കാഷനറി സിഗ്നൽ നമ്പർ III (മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ) തുടർന്നും ഉയർത്തി നിർത്താൻ ഇന്ത്യൻ കാലാവസ്ഥ വകുപ്പ് നിർദേശം നൽകി.കാസർഗോഡ്, കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, ബേപ്പൂർ, പൊന്നാനി, അഴീക്കൽ, കൊച്ചി, ആലപ്പുഴ, നീണ്ടകര , തിരുവനന്തപുരം തുറമുഖങ്ങളിലാണ് മൂന്നാം നമ്പർ ജാഗ്രതാ സിഗ്നൽ തുടരുന്നത്.മത്സ്യത്തൊഴിലാളികളും ചെറുവള്ളം, ബോട്ട് എന്നിവയുടെ ഉടമകളും കേരളം, കർണാടക തീരങ്ങളിലും ലക്ഷദ്വീപ് മേഖലയിലും നിലവിലുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ കർശനമായി പാലിക്കണമെന്നും കടലിൽ പോകുന്നതിന് മുമ്പ് ഏറ്റവും പുതിയ മുന്നറിയിപ്പുകൾ പരിശോധിക്കണമെന്നും അധികൃതർ അറിയിച്ചു.

## ഗൗതം കൃഷ്ണയെ കടലിൽ കാണാതായിട്ട് 55 ദിവസങ്ങൾ; തടിയിൽ തീർത്ത മകന്റെ രൂപത്തിൽ അന്ത്യകർമം നടത്തി അമ്മ





കൊല്ലംന്മ നീണ്ടകരയിൽ മത്സ്യബന്ധന വള്ളം മറിഞ്ഞ് കടലിൽ കാണാതായ ഗൗതം കൃഷ്ണയുടെ രൂപം മരത്തടിയിൽ കൊത്തിയെടുത്ത് അന്ത്യകർമങ്ങൾ ചെയ്ത് അമ്മ രേഷ്മ. തടിയിൽ കൊത്തിയെടുത്ത രൂപം ചിതയിൽ ദഹിപ്പിച്ച് കർമങ്ങൾ പൂർത്തിയാക്കി. ഗൗതമിനെ കാണാതായിട്ട് ഇന്ന് 55 ദിനങ്ങൾ പിന്നിടുകയാണ്. മകൻ മടങ്ങിവരുമെന്ന പ്രതീക്ഷകൾ അവസാനിച്ചതോടെയാണ് അന്ത്യകർമങ്ങൾ ചെയ്യാൻ രേഷ്മ തീരുമാനിച്ചത്. തിരച്ചിൽ കാര്യക്ഷമമായിരുന്നുവെങ്കിൽ ഈയൊരു അവസ്ഥ ഉണ്ടാകില്ലായിരുന്നുവെന്ന് കണ്ണീരോടെ രേഷ്മ പറയുന്നു.

ജൂലൈ 31ന് പുലർച്ചെയാണ് മീൻപിടിത്തത്തിനിടെ ഗൗതം ഉൾപ്പെടെ 14 പേരുണ്ടായിരുന്ന വള്ളം തിരയിൽപ്പെട്ട് മറിഞ്ഞത്.

അപകടത്തിൽ ഗൗതമിന്റെ പിതാവ് രാധാകൃഷ്ണനും (46), മുത്തച്ഛൻ പുത്തൻതുറ പൂമുഖം വീട്ടിൽ യു. രാജീവനും (74) മരണപ്പെട്ടിരുന്നു. രാജീവൻ സംഭവസ്ഥലത്തുതന്നെ മരിച്ചു. രാധാകൃഷ്ണന്റെ മൃതദേഹം ശനിയാഴ്ച പുലർച്ചെ ലഭിച്ചു. ഇരുവരുടെയും അന്ത്യകർമങ്ങൾ പൂർത്തിയായെങ്കിലും ഗൗതം കൃഷ്ണയ്ക്കായി തിരച്ചിൽ തുടരുകയായിരുന്നു.

അപകടത്തിൽ ഒരു കുടുംബത്തിലെ മൂന്നു പേർ ഇരയായിട്ടും അധികൃതരുടെ ഭാഗത്തുള്ള മെല്ലെപ്പോക്കിൽ നാട്ടുകാരും ബന്ധുക്കളും പ്രതിഷേധിച്ചിരുന്നു. തിരച്ചിലിലെ അനാസ്ഥ ചോദ്യം ചെയ്ത് ഗൗതമിന്റെ അമ്മ രേഷ്മ കോസ്റ്റൽ പൊലീസ് സ്റ്റേഷനിലെത്തി പ്രതിഷേധിച്ചതോടെ തിരച്ചിൽ കൂടുതൽ ഊർജിതമാക്കി. കോസ്റ്റൽ പൊലീസിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിൽ അന്വേഷണം നടത്തിയെങ്കിലും പ്രയോജനമുണ്ടായില്ല.







പോളിടെക്നിക് കോളേജുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന 'സ്റ്റാൻഡ് വിത്ത് തൂഫാൻ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ നിർവഹിക്കുന്നു

# പോളിടെക്നിക്ക് കോളേജുകളിൽ ലഹരിക്കെതിരെ 'സ്റ്റാൻഡ് വിത്ത് തൂഫാൻ'

പോളിടെക്നിക് കോളേജുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന സമഗ്ര ലഹരി വിരുദ്ധ പ്രവർത്തന പദ്ധതിയായ സ്റ്റാൻഡ് വിത്ത് തൂഫാന് തുടക്കമായി. നാഷണൽ സർവീസ് സ്കീം ടെക്നിക്കൽ സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തുന്ന പരിപാടി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എൻഎസ്എസ് വോളണ്ടിയർമാർക്ക് മന്ത്രി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പൊതുസമൂഹം ഒന്നടങ്കം സ്വമേധയാ ഏറ്റെടുത്തുവെന്നതാണ് ഓപ്പറേഷൻ തൂഫാന്റെ വിജയരഹസ്യമെന്ന് മന്ത്രി പറഞ്ഞു. സ്വന്തമായി ലക്ഷ്യങ്ങളും ഇഷ്ടങ്ങളും കാത്തുസൂക്ഷിക്കുന്ന യുവതലമുറ ലഹരിക്ക് അടിമപ്പെട്ടില്ല. ലഹരിയുടെ വിപത്തിൽ നിന്ന് പുതുതലമുറയെ രക്ഷിക്കാനുള്ള ഉത്തരവാദിത്തം എൻഎസ്എസ് ഏറ്റെടുത്തതിൽ സന്തോഷമുണ്ടെന്നും മന്ത്രി പറഞ്ഞു.

പോളിടെക്നിക് കോളേജുകളെയും കോളേജുകളുടെ ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെയും കേന്ദ്രീകരിച്ചാണ് 'സ്റ്റാൻഡ് വിത്ത് തൂഫാൻ' പദ്ധതിയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സമീപ പ്രദേശങ്ങളിലെ ഗ്രാമങ്ങളിലും ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. കൂടാതെ, കോളേജുകൾക്ക് സമീപമുള്ള പ്രൈമറി സ്കൂളുകളിലും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ എൻഎസ്എസ് വോളണ്ടിയർമാരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിലെ എൻഎസ്എസ് യൂണിറ്റുകളിൽ 'തൂഫാൻ സെൽ' രൂപീകരിച്ചിട്ടുണ്ട്. വിദ്യാർഥികൾക്കിടയിലെ ലഹരിവിരുദ്ധ ബോധവത്കരണം, സമൂഹ കേന്ദ്രീകൃത ഇടപെടലുകൾ, വിവിധ സന്നദ്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തൂഫാൻ സെൽ നേതൃത്വം നൽകും.

തിരുവനന്തപുരം പബ്ലിക് ലൈബ്രറി ഹാളിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. ജയപ്രകാശ് പി. അധ്യക്ഷനായി. സ്റ്റാൻഡ് വിത്ത് തൂഫാൻ സംസ്ഥാനതല മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ മന്ത്രി വിതരണം ചെയ്തു.

# കേരള പിറവിയുടെ 70–ാം വാർഷികം; രാജ്യത്തെ പ്രധാന നഗരങ്ങളിൽ 'ഫെസ്റ്റിവൽ കേരളം' സംഘടിപ്പിക്കും : മുഖ്യമന്ത്രി വി ഡി സതീശൻ

## ലോക കേരളസഭ പിരിച്ചുവിട്ടു, പ്രവാസികൾക്കായി ബദൽ സംവിധാനം

കേരള പിറവിയുടെ 70–ാം വാർഷികത്തോടനുബന്ധിച്ച് രാജ്യത്തെ പ്രധാന നഗരങ്ങളിൽ 'ഫെസ്റ്റിവൽ കേരളം' സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം, നിക്ഷേപ സാധ്യതകൾ, ടൂറിസം മേഖലയുടെ സാധ്യതകൾ എന്നിവ ദേശീയ, അന്തർദേശീയ തലത്തിൽ പരിചയപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യമെന്ന് മന്ത്രിസഭാ യോഗത്തിന് ശേഷം സെക്രട്ടേറിയറ്റിൽ നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.ആദ്യഘട്ടത്തിൽ ന്യൂഡൽഹി, മുംബൈ, ബെംഗളൂരു, ചെന്നൈ, കൊൽക്കത്ത എന്നിവിടങ്ങളിലാണ് ഫെസ്റ്റിവൽ കേരളം സംഘടിപ്പിക്കുക. കേരളത്തിന്റെ തനത് കലാരൂപങ്ങളുടെ അവതരണം, സാംസ്കാരിക ചർച്ചകൾ, നിക്ഷേപക സംഗമം, ടൂറിസം സാധ്യതകളുടെ അവതരണം എന്നിവ പരിപാടിയുടെ ഭാഗമായി നടക്കും. രണ്ടാംഘട്ടത്തിൽ വിദേശ രാജ്യങ്ങളിലേക്കും പരിപാടി വ്യാപിപ്പിക്കും. ഫെസ്റ്റിവൽ കേരളം നടത്തിപ്പിനായി മുഖ്യമന്ത്രി ചെയർമാനും സാംസ്കാരിക വകുപ്പ് മന്ത്രി കൺവീനറുമായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.ലോക കേരളസഭ പിരിച്ചുവിടാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. മുൻ തീരുമാനങ്ങൾ നടപ്പാക്കാത്തതും ഉയർന്ന ചെലവും കണക്കിലെടുത്താണ് തീരുമാനം. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവാസി വരുമാനം നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുമായി ബദൽ സംവിധാനം കൊണ്ടുവരും. പ്രവാസികളുടെ വരുമാനത്തെ 'റെമിറ്റൻസ് ഇക്കോണമി'യിൽ നിന്ന് 'ഇൻവെസ്റ്റ്മെന്റ് ഇക്കോണമി'യിലേക്ക് മാറ്റുന്നതിനുള്ള പദ്ധതികൾ പുതിയ സംവിധാനത്തിലൂടെ നടപ്പാക്കും. ഇതിനായി മുഖ്യമന്ത്രി ചെയർമാനായും വ്യവസായ, ആഭ്യന്തര, ആരോഗ്യ, ജലവിഭവ വകുപ്പ് മന്ത്രിമാർ അംഗങ്ങളായും പ്രത്യേക മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചതായും അദ്ദേഹം പറഞ്ഞു.സംസ്ഥാനത്ത് റോഡപകടങ്ങളും അപകട മരണങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ ശക്തമായ റോഡ് സുരക്ഷാ ക്യാമ്പയിൻ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചായിരിക്കും ക്യാമ്പയിൻ നടപ്പാക്കുക. വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം കർശനമായ നിയമനടപടികളും ഒരേസമയം നടപ്പാക്കും. റോഡപകടങ്ങൾ കുറയ്ക്കുകയാണ് ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. റോഡപകടങ്ങളിൽ നിരവധി പേർ ഗുരുതരമായി പരിക്കേറ്റ് ജീവിതകാലം മുഴുവൻ ദുരിതം അനുഭവിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. നാടിന്റെ സുരക്ഷ മുൻനിർത്തിയുള്ള ഈ ക്യാമ്പയിനിൽ പൊതുജനങ്ങളുടെ പൂർണ സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.പരിസ്ഥിതിലോല മേഖല (ഇഎസ്എ) സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായുള്ള റിപ്പോർട്ട് തയ്യാറാക്കിയതായി മുഖ്യമന്ത്രി അറിയിച്ചു.

98 വില്ലേജുകളിലായി 8590 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് മാത്രമായി ഇ എസ് എ പരിധി നിശ്ചയിക്കണമെന്നതാണ് കേരളത്തിന്റെ നിർദ്ദേശം. മുൻ സർക്കാർ സ്വീകരിച്ച നിലപാട് തന്നെയാണ് നിലവിലെ സർക്കാരും തുടരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഇ എസ് എ നിജപ്പെടുത്തുമ്പോൾ ജനവാസ കേന്ദ്രങ്ങളും കാർഡമം ഹിൽ ഏരിയയും പൂർണമായി ഒഴിവാക്കുന്ന നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിന് സമർപ്പിക്കുക. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. നിർദ്ദേശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട സമിതിയുമായി ഒരു ഘട്ട ചർച്ച ഇതിനകം നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വീണ്ടും വിശദമായ ചർച്ച നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.പരിസ്ഥിതിലോല പ്രദേശങ്ങൾ കണക്കാക്കി പരിസ്ഥിതി വകുപ്പ് തയ്യാറാക്കുന്ന സമഗ്രമായ മാപ്പ് ഉടൻ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ പ്രസിദ്ധീകരിക്കും. മാപ്പ് പ്രസിദ്ധീകരിച്ചതിന് ശേഷം പരാതികൾ ഉയർന്നുവന്നാൽ അവ പ്രത്യേകം പരിശോധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.നാളെ (സെപ്റ്റംബർ 24) എറണാകുളത്ത് സംഘടിപ്പിക്കുന്ന ലോക മാരിടൈം ദിനാഘോഷത്തിൽ സംസ്ഥാനത്തിന്റെ മാരിടൈം മേഖലയിലെ വികസന സാധ്യതകൾ സമഗ്രമായി ചർച്ചചെയ്യുമെന്നും ഇന്റർനാഷണൽ മാരിടൈം മ്യൂസിയം, ഹെൽത്ത് സയൻസ് പാർക്ക് ഉൾപ്പെടെയുള്ള വ്യാവസായിക പദ്ധതികൾ സർക്കാർ നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

**മറ്റ് മന്ത്രിസഭാ തീരുമാനങ്ങൾ**

കഴിഞ്ഞ ദിവസങ്ങളിൽ മഴക്കെടുതിയിൽ മലപ്പുറം, ഇടുക്കി, കോട്ടയം ജില്ലകളിലുണ്ടായ അപകടങ്ങളിൽ മരിച്ച ഒൻപത് പേരുടെ കുടുംബങ്ങൾക്ക് എട്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ തീരുമാനമായി.

വയോജന ക്ഷേമവകുപ്പിന്റെ പേര് 'മുതിർന്ന പൗരന്മാർക്കുള്ള വകുപ്പ്' (ഡിപ്പാർട്ട്മെന്റ് ഫോർ സീനിയർ സിറ്റിസൺസ്) എന്ന് പുനർനാമകരണം ചെയ്തു.

# ഇ–ഓട്ടോറിക്ഷകൾക്ക് സബ് സിഡി: 25 മുതൽ അപേക്ഷിക്കാം

ഇലക്ട്രിക് പാസഞ്ചർ ഓട്ടോറിക്ഷകൾക്ക് നൽകുന്ന 30,000 രൂപ സർക്കാർ സബ്സിഡിക്കായി സെപ്റ്റംബർ 25 മുതൽ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷിക്കുന്ന അർഹരായ ആദ്യത്തെ 1,000 പേർക്ക് സബ്സിഡി ലഭിക്കും. ഇതിൽ 100 സബ്സിഡികൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. 2019 ഏപ്രിൽ 1 മുതൽ രജിസ്റ്റർ ചെയ്തതും ഇതുവരെ സബ്സിഡി ലഭിക്കാത്തതുമായ ഇ-പാസഞ്ചർ ഓട്ടോറിക്ഷ ഉടമകൾക്കും മുൻപ് അപേക്ഷിച്ച് സബ്സിഡി ലഭിക്കാത്തവർക്കും വീണ്ടും അപേക്ഷിക്കാം. https://transportservices.nic.in/KeralaEV/#/dashboard/service-info ലിങ്കിൽ അപേക്ഷ സമർപ്പിക്കാം. വിവരങ്ങൾക്ക്: www.mvd.kerala.gov.in, 04712333317, 9188917300

# തെലുങ്കാനയിൽ എൻജിനിയറിംഗ് വിദ്യാർഥിയെ കൊലപ്പെടുത്തിയ അധ്യാപകൻ അറസ്റ്റിൽ

ഹൈദരാബാദ്: തെലുങ്കാനയിൽ എൻജിനിയറിംഗ് വിദ്യാർഥിയെ അധ്യാപകൻ കൊലപ്പെടുത്തി. ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ മൈനിംഗ് എൻജിനിയറിംഗ് വിദ്യാർഥി താണ്ര അക്ഷിതറാണിയാണ് (20) കൊല്ലപ്പെട്ടത്. സംഭവത്തിൽ സിംഗരേണി പോളിടെക്നിക് കോളജ് അധ്യാപകൻ നവീൻ കുമാർ (38), സിംഗരേണി കൽക്കരി ഖനി ജീവനക്കാരൻ രവി കുമാർ (35) എന്നിവർ പിടിയിലായി. പെൺകുട്ടിയെ ബലമായി വിഷം കുടിപ്പിച്ചു കൊലപ്പെടുത്തിയതാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഇരുവരെയും പൊലിസ് അറസ്റ്റ് ചെയ്തത്.

സിംഗരേണി പോളിടെക്നിക് കോളജിൽ മുമ്പ് ഡിപ്ലോമ വിദ്യാർഥിയായിരുന്ന താണ്ര, ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ എൻജിനിയറിംഗ് പഠനത്തിന് ശേഷം പരിശീലനത്തിനായി സിംഗരേണി കൽക്കരി ഖനിയിൽ എത്തിയിരുന്നു. ഡിപ്ലോമ കാലത്ത് വിദ്യാർഥിയുമായി അടുപ്പത്തിലായിരുന്ന നവീൻ കുമാർ, പെൺകുട്ടി രവി കുമാറുമായി സൗഹൃദത്തിലായത് ഇഷ്ടപ്പെട്ടിരുന്നില്ല. ഇതാണ് കൊലപാതകത്തിലേക്ക് നയിച്ചത്. സെപ്റ്റംബർ 12ന് ജോലി കഴിഞ്ഞ് മടങ്ങുകയായിരുന്ന പെൺകുട്ടിയെ നവീൻ കുമാർ കാറിൽ കയറ്റുകയും, രവി കുമാർ തന്നെ ലൈംഗികമായി പീഡിപ്പിച്ചു എന്ന് കാണിച്ച് ഒരു ആത്മഹത്യ കുറിപ്പ് എഴുതി വാങ്ങിയ ശേഷം ബലമായി വിഷം കുടിപ്പിക്കുകയായിരുന്നു. തുടർന്ന് ബോധരഹിതയായ കുട്ടിയുടെ ഫോണിൽ നിന്ന് അമ്മയെ വിളിച്ച് വിവരം അറിയിക്കുകയും, മാതാപിതാക്കളെയും കൂട്ടി ആശുപത്രിയിൽ എത്തിയ ശേഷം പ്രതി രക്ഷപ്പെട്ടു. ചികിത്സയിലിരിക്കെ അടുത്ത ദിവസം പെൺകുട്ടി മരണത്തിന് കീഴടങ്ങുകയായിരുന്നു. തുടർന്ന് പൊലിസ് നടത്തിയ അന്വേഷണത്തിലാണ് ഇത് ആത്മഹത്യയല്ലെന്നും, നവീൻ കുമാർ കൊലപെടുത്തിയതാണെന്നും കണ്ടെത്തിയത്. കേസിലെ മുഖ്യപ്രതിയായ നവീൻ കുമാറിനെയും, ലൈംഗിക പീഡന ആരോപണത്തിന് വിധേയനായ രവി കുമാറിനെയും പൊലിസ് അറസ്റ്റ് ചെയ്തു. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# സർക്കാരിന് ദേവസ്വം ബോർഡിനോട് വിയോജിപ്പില്ല; മുഖ്യമന്ത്രിയെ കണ്ട് കെ. ജയകുമാർ

തിരുവനന്തപുരം: ശബരിമലയിൽ ദേവസ്വം ബോർഡ് നടപ്പാക്കുന്ന കാര്യങ്ങളെക്കുറിച്ചു വിശദമായി മുഖ്യമന്ത്രി വി.ഡി. സതീശനെ അറിയിച്ചുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ.ജയകുമാർ. മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയതിനു ശേഷം സംസാരിക്കുകയായിരുന്നു കെ.ജയകുമാർ.

നിലവിലെ സർക്കാരിന് ദേവസ്വം ബോർഡിനോട് വിയോജിപ്പില്ല. തീർഥാടന കാലത്ത് പൂർണ പിന്തുണ നൽകുമെന്ന് മുഖ്യമന്ത്രി തന്നെ അറിയിച്ചതായും ജയകുമാർ പറഞ്ഞു. ദേവസ്വം ബോർഡിൻറെ നടപടികളിൽ മന്ത്രി കെ. മുരളീധരൻ കടുത്ത അതൃപ്തി പരസ്യമാക്കിയതിനു പിന്നാലെയാണ് ജയകുമാർ മുഖ്യമന്ത്രിയെ നേരിട്ടു കണ്ട് കാര്യങ്ങൾ വിശദീകരിച്ചത്.

സർക്കാരും ബോർഡും ഒരുമിച്ച് മണ്ഡല, മകരവിളക്ക് സീസൺ ഭംഗിയായി നടപ്പാക്കും. എല്ലാ സഹകരണവും മുഖ്യമന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. എല്ലാ കാര്യങ്ങളും സർക്കാരിനെ അറിയിച്ച് മുന്നോട്ടുപോകും. ആശയവിനിമയത്തിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കും.

അരവണ പ്രതിസന്ധി കുറച്ചു സമയത്തേക്കു മാത്രമാണ് ഉണ്ടായത്. സീസണിൽ ഒരു പ്രശ്നവും ഉണ്ടാകില്ല. കൃത്യമായി കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ടെന്നും ജയകുമാർ അറിയിച്ചു. അരവണ പ്രതിസന്ധിയെക്കുറിച്ച് ദേവസ്വംമന്ത്രിയുമായി സംസാരിച്ചിരുന്നുവെന്നും ജയകുമാർ കൂട്ടിച്ചേർത്തു.

# മന്ത്രിമാരുടെ വിദേശ യാത്ര, കെ.എം. ഷാജിയുടെ ആഢംബര കാർ യാത്ര: തെറ്റൊന്നും കാണുന്നില്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: മന്ത്രിമാരുടെ വിദേശ യാത്രയെയും മന്ത്രി കെ.എം. ഷാജിയുടെ ആഢംബര കാർ യാത്രയേയും പിന്തുണച്ച് മുഖ്യമന്ത്രി വി.ഡി. സതീശൻ. മന്ത്രിമാർ തൻറെ അനുമതിയോടെയാണ് യാത്ര പോയത്. താനാണ് മന്ത്രിമാരോട് പോയി വാ എന്ന് പറഞ്ഞത്. യാത്രയിൽ സർക്കാരിന് ചെലവില്ല. ഇടത് മന്ത്രിമാരുടെ കാലത്തെ യാത്രാ കണക്ക് വായിക്കാൻ തുടങ്ങിയാൽ തീരില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി കെ.എം. ഷാജി സ്വകാര്യ വ്യക്തിയുടെ ആഡംബര വാഹനമായ റേഞ്ച് റോവർ ഉപയോഗിച്ചതിനെയും മുഖ്യമന്ത്രി ന്യായീകരിച്ചു. മന്ത്രിമാരുടെ പലരുടെയും വാഹനം 2017 ൽ വാങ്ങിയതാണ്. പത്തു വർഷത്തിലേറെയായി ഓടുന്നതാണ്. പല മന്ത്രിമാരുടെയും വാഹനം ഇടയ്ക്കുവച്ച് നിന്നു പോകുന്നുണ്ട്. അത്തരത്തിലൊരു സാഹചര്യത്തിലാണ് മന്ത്രി ഷാജി സ്വകാര്യ വാഹനം ഉപയോഗിച്ചത്. അതിൽ തെറ്റൊന്നും കാണുന്നില്ലെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ കൂട്ടിച്ചേർത്തു.

# വണ്ടി കേടായതുകൊണ്ട് മറ്റൊരു വാഹനം നോക്കി; കെ.എം. ഷാജിയെ ന്യായീകരിച്ച് പി.എം.എ. സലാം

ന്യൂഡൽഹി: മന്ത്രി കെ.എം. ഷാജിയുടെ ആഢംബര കാർ യാത്രാ വിവാദത്തിൽ വിശദീകരണവുമായി മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി പി.എം.എ. സലാം രംഗത്ത്. ഷാജിക്കെതിരായ ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്നും പശു ചത്താലും മോരിലെ പുളി പോകില്ല എന്ന് പറയുന്നതുപോലെയാണ് ഈ വിവാദങ്ങളെന്നും സലാം പറഞ്ഞു. ഷാജിയുടെ വാഹനം കേടായി വർക്ക്ഷോപ്പിൽ നൽകിയപ്പോഴാണ് മറ്റൊരു വാഹനം ഉപയോഗിച്ചത്. വിവാദങ്ങൾ ഉയർന്ന ഉടൻ തന്നെ ആ വാഹനം തിരികെ നൽകിയെന്നും അദ്ദേഹം വ്യക്തമാക്കി. ഈ വിഷയത്തിൽ കെ.എം. ഷാജിക്ക് യാതൊരുവിധ ജാഗ്രതക്കുറവും ഉണ്ടായിട്ടില്ലെന്നും പി.എം.എ. സലാം കൂട്ടിച്ചേർത്തു.

അതേസമയം, മുഖ്യമന്ത്രി പിണറായി വിജയൻറെ വിദേശപര്യടന മാതൃക തങ്ങൾ ഒരിക്കലും പിന്തുടരില്ലെന്ന് സലാം വിമർശിച്ചു. വിമർശനങ്ങൾ ഉയർന്ന സാഹചര്യത്തിൽ പൊതുപ്രവർത്തകർ നിയന്ത്രണങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾ ഗൗരവമായി ആലോചിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രിയുടെ ചാർട്ടേഡ് ഫ്ലൈറ്റ് യാത്രാ വിവാദങ്ങളെക്കുറിച്ചുള്ള ചോദ്യത്തിന്, മുൻ സർക്കാരിൻറെ കാലത്ത് ലക്ഷങ്ങൾ മുടക്കി ഹെലികോപ്റ്റർ വെറുതെ കിടന്നിരുന്നില്ലേ എന്നായിരുന്നു സലാമിൻറെ മറുപടി

# വർക്ക്ഷോപ്പിൽ വൻ തീപിടിത്തം; എട്ട് കാറുകൾ കത്തിനശിച്ചു

ജയ്പൂർ: രാജസ്ഥാനിലെ ജയ്പൂരിൽ ബാലാജി മാർക്കറ്റിലുള്ള വർക്ക്ഷോപ്പിൽ വൻ തീപിടിത്തം. സംഭവത്തിൽ എട്ട് കാറുകളും സ്പെയർ പാർട്സുകളും കത്തിനശിച്ചു. ചൊവ്വാഴ്ച രാത്രിയാണ് തീപിടിത്തമുണ്ടായത്. സംഭവം നടക്കുമ്പോൾ പുതിയതും പഴയതുമായ 50 ലധികം കാറുകൾ വർക്ക്ഷോപ്പിൽ പാർക്ക് ചെയ്തിരുന്നു. ഇതിൽ എട്ട് വാഹനങ്ങൾ പൂർണമായി കത്തിനശിച്ചു. വിവരം അറിഞ്ഞ ഉടൻ തന്നെ അഗ്നിശമന സേനാംഗങ്ങളും പൊലിസും സ്ഥലത്തെത്തി. രണ്ട് മണിക്കൂറിലധികം പരിശ്രമിച്ചാണ് തീ നിയന്ത്രണ വിധേയമാക്കിയത്. ഷോർട്ട് സർക്യൂട്ടാകാം തീപിടിത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

# ക്രെയിൻ ഇടിച്ച് കോളജ് വിദ്യാർഥി മരിച്ചു; ഡ്രൈവർ അറസ്റ്റിൽ

അഹമ്മദാബാദ്: ഗുജറാത്തിലെ അഹമ്മദാബാദിൽ ക്രെയിൻ ഇടിച്ച് കോളജ് വിദ്യാർഥി മരിച്ചു. സിൽവർ ഒക്ക് യൂണിവേഴ്സിറ്റിയിലെ ബി.എസ്സി ഒന്നാം വർഷ വിദ്യാർഥി പ്രേരണ നീനാമയാണ് (19) മരിച്ചത്. സംഭവത്തിൽ ക്രെയിൻ ഡ്രൈവർ അരുൺ കുമാർ നിഷാദ് അറസ്റ്റിലായി.

കോളജിലേക്ക് നടന്നുപോവുകയായിരുന്ന പ്രേരണയുടെ മേൽ അമിതവേഗത്തിൽ എത്തിയ ക്രെയിൻ ഇടിക്കുകയായിരുന്നു. കോളജിൻറെ സമീപത്ത് വച്ചായിരുന്നു അപകടം സംഭവിച്ചത്. ക്രെയിനിൻറെ മുൻചക്രം പ്രേരണയുടെ ശരീരത്തിലൂടെ കയറിയിറങ്ങി. വിദ്യാർഥി സംഭവസ്ഥലത്തുതന്നെ മരിച്ചു. അപകടത്തിനുശേഷം നിർത്താതെപോയ ക്രെയിൻ ഡ്രൈവർ അരുൺ കുമാർ നിഷാദ് സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും, നാട്ടുകാർ ചേർന്ന് പിടികൂടി പൊലിസിൽ ഏൽപ്പിക്കുകയായിരുന്നു. സംഭവത്തിൽ പൊലിസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# കുമളിയിൽ കെഎസ്ആർടിസി ബസ് കാറിൽ ഇടിച്ച് കാർ യാത്രക്കാരി മരിച്ചു

ഇടുക്കി: കുമളിയിൽ കെഎസ്ആർടിസി ബസ് കാറിൽ ഇടിച്ചുണ്ടായ അപകടത്തിൽ കാർ യാത്രക്കാരി മരിച്ചു. പത്തനംതിട്ട മൈലപ്ര പുതിയത്ത് പരേതനായ തോമസിന്റെ ഭാര്യ സാലി തോമസ് (71) ആണ് മരിച്ചത്. ഇന്ന് രാവിലെ ആറരയോടെയാണ് സംഭവം. ദേശീയപാതയിൽ കുമളി 66ാം മൈലിൽ വച്ചാണ് അപകടമുണ്ടായത്. കുമ്പഴയിൽ നിന്ന് വേളാങ്കണ്ണിക്ക് പോകുകയായിരുന്ന അഞ്ചംഗ സംഘമാണ് കാറിൽ ഉണ്ടായിരുന്നത്.



പാലക്കാട് - മുണ്ടൂർ - തൂത റോഡിൽ വാഹനാപകടങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള യോഗത്തിൽ മന്ത്രിമാരായ പി കെ ബഷീർ, കെ എ തുളസി എന്നിവർ പങ്കെടുക്കുന്നു

# ടെക്നോപാർക്കിൽ പ്രോംപ്റ്റ്ടെക് ഗ്ലോബലിൻറെ പുതിയ ഓഫീസ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു



തിരുവനന്തപുരം: ടെക്നോപാർക്കിലെ പ്രോംപ്റ്റ് ടെക് ഗ്ലോബലിൻറെ പുതിയ ഓഫീസ് വ്യവസായ-വാണിജ്യ-ഐടി -എഐ-സ്റ്റാർട്ടപ്പ് വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു. ടെക്നോപാർക്ക് ഫേസ് 1 ലെ കല്ലായി ബിൽഡിംഗിലാണ് പുതിയ ഓഫീസ്.

കേരളത്തിലെ പ്രോംപ്റ്റ് ടെക് ഗ്ലോബലിൻറെ പ്രവർത്തന വിപുലീകരണത്തിൻറെ അടുത്ത ഘട്ടത്തിനാണ് പുതിയ ഓഫീസിലൂടെ തുടക്കം കുറിക്കുന്നത്. സാങ്കേതികവിദ്യയിലൂടെ ഇൻഷുറൻസ്, റിസ്ക് മാനേജ്മെൻറ് , ബിസിനസ് ശേഷി എന്നിവ സമഗ്രമായി സംയോജിപ്പിച്ച് സംരംഭങ്ങൾക്കായി ഒരു ആഗോള ഇൻഷുറൻസ് മാർക്കറ്റ് പ്ലേസ് കെട്ടിപ്പടുക്കുക എന്ന കമ്പനിയുടെ ലക്ഷ്യത്തിന് ഇത് കരുത്തേകും.

ഉദ്ഘാടനത്തിന് ശേഷം മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി പ്രോംപ്റ്റ്ടെക് ജീവനക്കാരുമായി സംവദിച്ചു.

ഉദ്ഘാടന ചടങ്ങിൽ ടെക്നോപാർക്ക് സിഇഒ സന്ദീപ് കുമാർ ഐഎഎസ്, പ്രോംപ്റ്റ്ടെക് ഗ്ലോബൽ സ്ഥാപകനും എക്സിക്യൂട്ടീവ് ഡയറക്ടറുമായ എബി എബ്രഹാം, മറ്റ് വിശിഷ്ടാതിഥികൾ, കമ്പനി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

പ്രോംപ്റ്റ്ടെക് ഗ്ലോബലിൻറെ പ്രവർത്തനത്തിൽ കേരളത്തിനുള്ള പങ്കിനേയും ഇവിടെ കമ്പനി കെട്ടിപ്പടുത്ത മികച്ച തൊഴിൽശേഷിയെയും പ്രതിഫലിപ്പിക്കുന്നതാണ് ഈ വളർച്ചയെന്ന് എബി എബ്രഹാം പറഞ്ഞു. കൂടുതൽ വളരാനും അന്താരാഷ്ട്ര വിപണികളിൽ കമ്പനി നല്കുന്ന സേവനങ്ങൾ ശക്തിപ്പെടുത്താനും പുതിയ ഓഫീസ് സഹായകമാകും. പ്രോംപ്റ്റ്ടെക് ഗ്ലോബലിൻറെ വളർച്ചയുടെ അടുത്ത ഘട്ടത്തിലും ടെക്നോപാർക്ക് സുപ്രധാന പങ്ക് വഹിക്കുമെന്ന് കരുതുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യ, യുഎഇ, യുകെ, യുഎസ് എന്നിവിടങ്ങളിലെ പ്രോംപ്റ്റ്ടെക് ഗ്ലോബലിൻറെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിൽ കേരളത്തിൻറെ പങ്ക് വർധിപ്പിക്കാൻ ഈ വിപുലീകരണത്തിലൂടെ സാധിക്കും.

ഇൻഷുറൻസ്, റിസ്ക് മാനേജ്മെൻറ്, ടാലൻറ് ആൻഡ് വർക്ക്ഫോഴ്സ് സൊല്യൂഷനുകൾ, ബിസിനസ് പ്രോസസുകൾ, സാങ്കേതികവിദ്യ എന്നീ മേഖലകളിലാണ് പ്രോംപ്റ്റ്ടെക് ഗ്ലോബൽ പ്രവർത്തിക്കുന്നത്. സാങ്കേതികവിദ്യാധിഷ്ഠിത ഇൻഷുറൻസ്-റിസ്ക് സേവനങ്ങൾ നല്കുന്ന പ്രോംപ്റ്റ്ടെക് ഇൻഷുറൻസ്, വർക്ക്ഫോഴ്സ്, കാപ്പബിലിറ്റി-ആസ്-എ-സർവീസ് സൊല്യൂഷനുകൾ നൽകുന്ന 'പ്രോംപ്റ്റ്ടെക് കണക്ട്' എന്നിവ ഇതിൻറെ ഭാഗമാണ്.

# ഭിന്നശേഷിക്കാരി സഞ്ചരിച്ച സ്കൂട്ടർ ഇടിച്ചുതെറിപ്പിച്ച് കാർ നിർത്താതെ പോയതായി പരാതി

കൂത്താട്ടുകുളം: നടക്കാവ് ഹൈവേയിൽ ഗുഡ് വിൽ ആശുപത്രിക്ക് സമീപം ഭിന്നശേഷിക്കാരിയെ സ്കൂട്ടർ ഇടിച്ച് തെറിപ്പിച്ച ശേഷം കാർ നിർത്താതെ പോയതായി പരാതി. ചൊവ്വാഴ്ച വൈകുന്നേരം 4:30 ഓടെയാണ് സംഭവം. വടകര ഗോപുരം വീട്ടിൽ സുരേഷിൻറെ ഭാര്യ സിന്ധു സഞ്ചരിച്ച മുച്ചക്കര സ്കൂട്ടറിലാണ് കാറിടിച്ചത്.

ഹൈവേയ്ക്ക് സമീപമുള്ള ഡോക്ടറെ കണ്ടതിനു ശേഷം വടകരയിലെ വീട്ടിലേക്ക് മടങ്ങാൻ സ്കൂട്ടറിൽ കയറുന്നതിനിടെ സിന്ധുവിനെ കൂത്താട്ടുകുളം ഭാഗത്തു നിന്ന് അമിതവേഗതയിലെത്തിയ കാർ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ സ്കൂട്ടർ സമീപത്തുണ്ടായിരുന്ന ഓട്ടോറിക്ഷയിലേക്ക് ഇടിച്ചുകയറുകയും സിന്ധു റോഡിലേക്ക് തെറിച്ചുവീഴുകയും ചെയ്തു.

അപകടമുണ്ടാക്കിയ കാർ നിർത്താതെ വേഗത്തിൽ ഓടിച്ചുപോയി. പരിക്കേറ്റ് ശാരീരിക അസ്വസ്ഥതകൾ പ്രകടിപ്പിച്ച സിന്ധുവിനെ ഉടൻ തന്നെ കൂത്താട്ടുകുളത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്കേറ്റ സിന്ധു കൂത്താട്ടുകുളം ശ്രീധരീയം ആശുപത്രിയിലെ ജീവനക്കാരിയാണ്. സിന്ധു സഞ്ചരിച്ചിരുന്ന സ്കൂട്ടറിന് വലിയ രീതിയിലുള്ള കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

അപകട സ്ഥലത്തു നിന്ന് കാറിൻറെ തകർന്ന ബോഡി പാർട്സുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയും സമീപത്തെ സിസിടിവി ദൃശ്യങ്ങളും കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ വാഹനത്തെ കുറിച്ച് നിർണായക സൂചന ലഭിച്ചതായാണ് വിവരം.

# ശമ്പളം നൽകാതിരുന്നതിൻെറ പ്രതികാരം: 24 കോടി രൂപയുടെ തുണിത്തരങ്ങൾക്ക് തീയിട്ടു; പ്രതി അറസ്റ്റിൽ

ഗാന്ധിനഗർ: ഗുജറാത്തിലെ സൂറത്തിൽ വസ്ത്രവ്യാപാര കേന്ദ്രത്തിൽ തീയിട്ട സംഭവത്തിൽ പ്രതി അറസ്റ്റിൽ. കടയിൽ മുമ്പ് അക്കൗണ്ടൻറായി ജോലി ചെയ്തിരുന്ന വിനോദ് പണ്ഡിറ്റ് സാവ്‌ലെ എന്ന യുവാവാണ് 24 കോടി രൂപയുടെ തുണിത്തരങ്ങൾക്ക് തീയിട്ടതിന് പിടിയിലായത്. വിനോദിന് ലഭിക്കാനുള്ള 10,000 രൂപ ശമ്പളം കടയുടമ നൽകാത്തതിൻറെ പ്രതികാരത്തെ തുടർന്നാണ് ഇയാൾ കടയ്ക്ക് തീയിട്ടത്.

സെപ്റ്റംബർ എട്ടിന് രാത്രിയിലാണ് സൂറത്തിലെ ശ്യാം സംഗിനി ടെക്സ്റ്റൈൽ മാർക്കറ്റിൽ തീപിടിത്തമുണ്ടായത്. തുടക്കത്തിൽ ഇതൊരു അപകടമാണെന്നാണ് കരുതിയതെങ്കിലും സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോഴാണ് വിനോദാണ് തീപിടിത്തത്തിന് പിന്നിലെന്ന് പൊലിസ് സ്ഥിരീകരിച്ചു. കടയിലെ അക്കൗണ്ട് ജോലികൾ ശരിയായി ചെയ്യാൻ കഴിയാത്തതിനെ തുടർന്ന് കഴിഞ്ഞ ജൂണിൽ ഇയാൾ ജോലി ഉപേക്ഷിച്ചിരുന്നു. വിനോദിൻറെ ശമ്പളത്തിൻറെ ബാക്കിയായ 10,000 രൂപ കടയുടമ കൊടുക്കാതിരുന്നതിനെ തുടർന്ന് ഇത് ചോദിച്ചപ്പോൾ അപമാനിച്ചതാണ് പ്രകോപനത്തിനു കാരണമെന്ന് വിനോദ് മൊഴി നൽകി.

കടയുടെ സമീപത്തുള്ള പെട്രോൾ പമ്പിൽ നിന്ന് 150 രൂപയ്ക്ക് പെട്രോൾ വാങ്ങിയ പ്രതി, രാത്രി ഒമ്പതിന് മാർക്കറ്റിൽ പ്രവേശിക്കുകയും അഞ്ചാം നിലയിലെ ഗോവണിപ്പടിക്ക് സമീപം ഒളിച്ചിരിക്കുകയും ചെയ്തു. രാത്രി 12:30 ന് മാർക്കറ്റിൽ ആളൊഴിഞ്ഞ സമയത്ത് കടയുടെ മുന്നിലെ തുണി കെട്ടുകളിൽ പെട്രോൾ ഒഴിച്ച് തീയിടുകയായിരുന്നു.

തുണിത്തരങ്ങളും പാക്കിംഗ് സാമഗ്രികളും ധാരാളമുണ്ടായിരുന്നതിനാൽ തീ അതിവേഗം പടർന്നുപിടിക്കുകയും 14 കടകൾ പൂർണമായി കത്തിനശിക്കുകയും ചെയ്തു. ഏകദേശം 24 കോടി രൂപയുടെ തുണിത്തരങ്ങളാണ് കത്തി നശിച്ചത്. സംഭവത്തിന് ശേഷം മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത പ്രതി ഭാര്യയ്ക്കും കുട്ടിക്കുമൊപ്പം രാജസ്ഥാനിലേക്കും തുടർന്ന് അയോധ്യയിലേക്കും ഒളിവിൽ പോയി. പിന്നീട് സൂറത്തിൽ തിരിച്ചെത്തിയ ഇയാളെ ക്രൈം ബ്രാഞ്ച് പിടികൂടുകയായിരുന്നു. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

# സുഡാനി ഫ്രം നൈജീരിയയിലെ ഉമ്മ; നടി സാവിത്രി ശ്രീധരൻ അന്തരിച്ചു

കോഴിക്കോട്: നടി സാവിത്രി ശ്രീധരൻ അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങൾമൂലം ഏറെ നാളായി കിടപ്പിലായിരുന്നു. കോഴിക്കോട് മാങ്കാവിലെ വീട്ടിൽവച്ചായിരുന്നു അന്ത്യം. നിരവധി നാടകങ്ങളിലൂടെയും സിനിമകളിലൂടെയും ശ്രദ്ധേയയാണ്. നാടകത്തിലൂടെയായിരുന്നു അവർ അഭിനയത്തിലേയ്ക്കെത്തിയത്.

നാൽപത് വർഷത്തിലേറെയായി കോഴിക്കോട് ആസ്ഥാനമായുള്ള നിരവധി നാടക ഗ്രൂപ്പുകളിൽ അവർ സജീവമായിരുന്നു.

2018ൽ പുറത്തിറങ്ങിയ സുഡാനി ഫ്രം നൈജീരിയ എന്ന ചിത്രത്തിലൂടെയാണ് അവർ സിനിമാ രംഗത്ത് അരങ്ങേറ്റം കുറിച്ചത്. ഈ ചിത്രത്തിലെ അഭിനയത്തിന് മികച്ച സ്വഭാവനടിക്കുള്ള സംസ്ഥാന പുരസ്കാരവും ദേശീയ ചലച്ചിത്ര പുരസ്കാരത്തിൽ പ്രത്യേക ജൂറി പരാമർശവും നേടിയിരുന്നു. വൈറസ്, ഡാകിനി എന്നിവയാണ് മറ്റ് പ്രധാന ചിത്രങ്ങൾ.

കോഴിക്കോട് ആസ്ഥാനമായുള്ള നാടക തിയേറ്ററുകളായ കലിംഗ, സംഗമം, സ്റ്റേജ് ഇന്ദ, ചിരന്തന തിയേറ്ററുകൾ എന്നിവയിലെ നാടകനടിയായിരുന്നു.

അഞ്ചു പതിറ്റാണ്ടോളം പ്രഫഷണൽ നാടകരംഗത്ത് സജീവമായിരുന്നു. മികച്ച നാടക നടിക്കുള്ള സംസ്ഥാന സർക്കാരിൻറെ പുരസ്കാരവും നേടിയിട്ടുണ്ട്. 1961ൽ ആണ് സാവിത്രി നാടകത്തിൽ അഭിനയിക്കുന്നത്.

അന്ന് മാങ്കാവും തിരുവണ്ണൂരും മീഞ്ചന്തയിലുമുള്ള ഒട്ടേറെ അമേച്വർ നാടക ട്രൂപ്പുകളിൽ അഭിനയിച്ചു. വളയനാട് കലാസമിതിയുടെ കറുത്ത വെളിച്ചമായിരുന്നു ആദ്യ നാടകം.

ആഹ്വാൻ സെബാസ്റ്റ്യൻറെ വഴിയമ്പലത്തിലൂടെയാണ് നാടകത്തിൽ സജീവമാകുന്നത്. കെ.ടി. മുഹമ്മദ്, എം.ടി. വാസുദേവൻനായർ, തിക്കോടിയൻ, ടി. ദാമോദരൻ എന്നിവർ ചേർന്നെഴുതിയ നാടകമായിരുന്നു ഇത്.

1984ൽ ആണ് ആദ്യമായി പ്രഫഷനൽ നാടകത്തിൽ അഭിനയിക്കുന്നത്. കെ.ടി. മുഹമ്മദിൻറെ കലിംഗ തിയറ്ററിൻറെ ഇതു ഭൂമിയാണ് ആയിരുന്നു ആദ്യ നാടകം. പിന്നീട് കാഫർ, സൃഷ്ടി, ദീപസ്തംഭം മഹാശ്ചര്യം, അച്ഛനും ബാപ്പയും, സാക്ഷാത്ക്കാരം, കുചേലവൃത്തം, സമന്വയം എന്നിങ്ങനെ അക്കാലത്ത് കലിംഗ അവതരിപ്പിച്ച എല്ലാ നാടകത്തിലും മികച്ച വേഷം ചെയ്തു. അണിയറ എന്ന നാടകത്തിലെ വേഷത്തിന് സംഗീത നാടക അക്കാദമിയുടെ മികച്ച നടിക്കുള്ള പുരസ്കാരം ലഭിച്ചു.

# 'വിമാനയാത്രയിൽ സർക്കാരിന് ഒരു ചെലവുമില്ല, ഇനിയും സഞ്ചരിക്കും': മുഖ്യമന്ത്രി

തിരുവനന്തപുരം: ചാർട്ടേഡ് വിമാനയാത്രാ വിവാദത്തിൽ പ്രതികരിച്ച് മുഖ്യമന്ത്രി വി.ഡി. സതീശൻ. വിമാനയാത്രയിൽ സർക്കാരിൻറെ ഒരു പണവും ചെലവാക്കിയിട്ടില്ലെന്നും വിമാനം ഏർപ്പാടാക്കി നൽകിയത് ഒരു പരിചയക്കാരനായ വ്യക്തിയാണെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം ആളിൻറെ പേര് വെളിപ്പെടുത്തേണ്ട ആവശ്യമില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. പണം മുടക്കിയ ആൾക്ക് ഒരു ഔദാര്യവും ചെയ്തു നല്കിയിട്ടില്ല. മുൻ മുഖ്യമന്ത്രിമാരായ പിണറായി വിജയനും ഉമ്മൻചാണ്ടിയും ഇത്തരത്തിൽ വിമാനയാത്ര നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റു മുഖ്യമന്ത്രിമാരും ഇത്തരത്തിൽ വിമാനയാത്ര നടത്തിയിട്ടുണ്ട്. അതിൽ ഒരു കുഴപ്പവുമില്ല, ഇനിയും താൻ ഇത്തരത്തിലുള്ള വിമാനയാത്ര നടത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

# ചാരുംമൂട്ടിൽ തെരുവുനായ ആക്രമണം; മൂന്നുപേർക്ക് കടിയേറ്റു

ആലപ്പുഴ: ചാരുംമൂട്ടിൽ തെരുവുനായയുടെ ആക്രമണത്തിൽ വ്യാപാരിയടക്കം മൂന്ന് പേർക്ക് കടിയേറ്റു. വ്യാപാരിയായ ഷൗക്കത്ത്, യാത്രക്കാരിയായ വയോധിക, ഭക്ഷണപ്പൊതി വാങ്ങാനെത്തിയ വയോധികൻ എന്നിവർക്കാണ് കടിയേറ്റത്

വയോധികനെ ആക്രമിക്കുന്നതിനിടെ നാട്ടുകാർ അടിച്ചുവീഴ്ത്തിയ നായ പിന്നീട് ചത്തു. ചൊവ്വാഴ്ച രാവിലെ 11 ഓടെ ടൗണിൽ കിഴക്കേ ബസ് സ്റ്റോപ്പിനു സമീപമായിരുന്നു സംഭവം. നായയുടെ കടിയേറ്റവർ നൂറനാട് സാനിട്ടോറിയം ആശുപത്രിയിൽ ചികിത്സ തേടി. ഷൗക്കത്തിൻറെ കടിച്ചിട്ട് ഓടിയ നായ യാത്രക്കാരിയായ വയോധികയെയും കടിക്കുകയായിരുന്നു. തുടർന്ന് തെരുവിലെ ഭക്ഷണ അലമാരയിൽ നിന്നും ഭക്ഷണപ്പൊതി വാങ്ങാനെത്തിയ വയോധികനെയും ആക്രമിച്ചു. സമീപത്തെ കടയിലേക്ക് വന്ന യുവതിയെ ആക്രമിക്കാൻ ഒരുങ്ങിയപ്പോൾ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഇദ്ദേഹത്തിന് നേരെ നായ തിരിഞ്ഞത്.

കടിയേറ്റിട്ടും ഇദ്ദേഹം നായയെ പിടിച്ചുനിർത്തിയതോടെ ഓടിയെത്തിയ യാത്രക്കാർ വടികൊണ്ട് നായയെ അടിച്ചു വീഴ്ത്തുകയായിരുന്നു.

# ചക്രങ്ങൾ ഊരിപ്പോയി; കൊച്ചിയിൽ ഐസ് കയറ്റി വന്ന ലോറി അപകടത്തിൽപെട്ടു

കൊച്ചി: പാലാരിവട്ടം വെണ്ണലയിൽ ഐസ് കയറ്റി വന്ന ലോറി മറിഞ്ഞ് അപകടം. ലോറിയുടെ പിന്നിലെ രണ്ടു ടയർ ഊരിപ്പോയതാണ് അപകടത്തിന് കാരണം. പുലർച്ചെ മൂന്നരയോടു കൂടിയാണ് അപകടം നടന്നത്.

ലോറിയിൽ ഡ്രൈവറും സഹായിയും ഉണ്ടായിരുന്നെങ്കിലും നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. റോഡിലേക്ക് മറിഞ്ഞ ലോറി ക്രെയ്ൻ ഉപയോഗിച്ച് നീക്കിയ ശേഷം ലോറിയിൽ നിന്നും മറിഞ്ഞ ഐസ് മാറ്റാനുള്ള ശ്രമത്തിലാണ് ഫയർഫോഴ്സ് ഉദ്യോഗസ്ഥർ.

# മകളെ അടിച്ചതിനെ ചൊല്ലി തർക്കം; യുവതിയെ ഭർത്താവ് ക്രൂരമായി മർദിച്ചതായി പരാതി

കൊച്ചി: ബാലികയായ മകളെ അടിച്ചതിനെ ചൊല്ലിയുള്ള തർക്കത്തെ തുടർന്ന് ഭർത്താവ് യുവതിയെ മർദിച്ചതായി പരാതി. ഞാറക്കൽ താമസിച്ചിരുന്ന പെരുമ്പടപ്പ് സ്വദേശി ഒലവക്കോട് വീട്ടിൽ ഷാഹിനക്ക് (22) ആണ് മർദനമേറ്റത്.

ഭർത്താവായ നിതിൻ (28) മുഖത്ത് അടിക്കുകയും മുടിക്ക് കുത്തിപ്പിടിച്ച് ഭിത്തിയിൽ കൊണ്ട് ഇടിപ്പിക്കുകയും കസേര കൊണ്ട് അടിക്കുകയും ചെയ്തെന്നാണ് പരാതിയിൽ പറയുന്നത്. പൊലിസിൽ നൽകിയ പരാതിയിൽ കേസെടുത്തു.



18- ാമത് രാജ്യാന്തര ഡോക്യുമെൻ്ററി, ഹ്രസ്വചിത്രമേളയുടെ ഡെലിഗേറ്റ് കിറ്റ് വിതരണവും ഫെസ്റ്റിവൽ ഓഫീസ് ഉദ്ഘാടനവും സാംസ്കാരിക വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ് നിർവഹിക്കുന്നു. ചലച്ചിത്രതാരങ്ങളായ ശ്യാം മോഹൻ, പാർവതി ആർ കൃഷ്ണ എന്നിവർ സമീപം



മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പിലെ ഫാം തൊഴിലാളികളുമായി മന്ത്രി ബിന്ദു കൃഷ്ണ ചർച്ച നടത്തുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കെഎസ്ആർടിസിക്ക് ബസ് വാങ്ങുന്നതിനായി അങ്കമാലി സ്വദേശി ജോസ് മുഖ്യമന്ത്രി വി ഡി സതീശന് 40 ലക്ഷം രൂപയുടെ ചെക്ക് കൈമാറുന്നു. ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, കെഎസ്ആർടിസി സിഎംഡി ഡോ. പ്രമോജ് ശങ്കർ എന്നിവർ സമീപം

# ബസ് വാങ്ങാൻ കെഎസ്ആർടിസിക്ക് പണം നൽകി വ്യവസായി; 40 ലക്ഷം രൂപ മുഖ്യമന്ത്രി ഏറ്റുവാങ്ങി

കെഎസ്ആർടിസിക്ക് ബസ് വാങ്ങുന്നതിനായി 40 ലക്ഷം രൂപ സംഭാവന നൽകി വ്യവസായി. അങ്കമാലി മൂക്കന്നൂർ സ്വദേശി ജോസ് ആണ് മുഖ്യമന്ത്രി വി ഡി സതീശന് 40 ലക്ഷം രൂപയുടെ ചെക്ക് കൈമാറിയത്. കെഎസ്ആർടിസിയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണിതെന്നും കോർപറേഷനെ പിന്തുണയ്ക്കാൻ കൂടുതൽ പേർ മുന്നോട്ട് വരുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, കെഎസ്ആർടിസി സിഎംഡി ഡോ. പ്രമോജ് ശങ്കർ എന്നിവർ പങ്കെടുത്തു.

ജോസിന്റെ ഉടമസ്ഥതയിലുള്ള ഹീമാൻ ഓട്ടോറോബോ പാർക്ക് എന്ന കമ്പനിയുടെ പേരിലാണ് സംഭാവന. അങ്കമാലി ഡിപ്പോയിൽ നിന്നാണ് ബസ് സർവീസ് നടത്തുക. അതിരപ്പിള്ളി വിനോദസഞ്ചാര മേഖലയെ തെക്കൻ കേരളവുമായി ബന്ധിപ്പിക്കുന്ന രീതിയിൽ റൂട്ട് വേണമെന്നാണ് ജോസിന്റെ ആവശ്യം.

സർക്കാരിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി, പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായാണ് ബസുകൾ സ്പോൺസർ ചെയ്യാൻ കെഎസ്ആർടിസി അവസരമൊരുക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, ട്രസ്റ്റുകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് പുറമെ കമ്പനികളുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചും ബസുകൾ നൽകാം.



ഉന്നത വിദ്യാഭ്യാസ വകുപ്പിലെ സർവീസ് ക്ലിനിക്ക് മന്ത്രി റോജി എം. ജോൺ ഉദ്ഘാടനം ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി അശോക്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പി ജയപ്രകാശ് തുടങ്ങിയവർ സമീപം

# സർവീസ് ക്ലിനിക്കുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ്

### ജീവനക്കാരുടെ സർവീസ് പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണുമെന്ന് മന്ത്രി റോജി എം ജോൺ

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്ന സർവീസ് സംബന്ധമായ പരാതികളും ഫയലുകളും വേഗത്തിൽ തീർപ്പാക്കുന്നതിന് പ്രത്യേക 'സർവീസ് ക്ലിനിക്ക്' ആരംഭിച്ചു. സെക്രട്ടറിയേറ്റ് അനക്സ് ലയം ഹാളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ സർവീസ് ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു. വകുപ്പിലെ ജീവനക്കാരുടെ സർവീസ് പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണുകയാണ് ക്ലിനിക്കിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ മാത്രം ആയിരക്കണക്കിന് ഫയലുകളാണ് വർഷങ്ങളായി കെട്ടിക്കിടക്കുന്നത്. അഞ്ചു വർഷത്തിലധികം പഴക്കമുള്ള ഫയലുകൾ പോലും തീരുമാനമായിട്ടില്ല. അപേക്ഷകർ ഓഫീസുകളിൽ കയറി ഇറങ്ങുന്ന സാഹചര്യമാണ് നിലവിലുള്ളത്. കെട്ടിക്കിടക്കുന്ന ഫയലുകളിൽ വലിയൊരു ശതമാനവും ജീവനക്കാരുടെ സർവീസുമായി ബന്ധപ്പെട്ടാണ്. ഈ വിഷയങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനാണ് സർവീസ് ക്ലിനിക് ആരംഭിക്കുന്നത്. ക്ലിനിക്കിന്റെ ഭാഗമായി ഇന്ന് മാത്രം 32 ഓളം ഫയലുകൾ പരിശോധിച്ച് പരമാവധി തീർപ്പാക്കി. സാങ്കേതികമായി പ്രശ്നമുള്ളത് ധന, നിയമ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമിക്കുമെന്നും മന്ത്രി അറിയിച്ചു.രണ്ടാം ശനിയാഴ്ച ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളിലും ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ സർവീസ് ക്ലിനിക്ക് പ്രവർത്തിക്കും. ജീവനക്കാരുടെ ആനുകൂല്യങ്ങൾ, സ്ഥാനക്കയറ്റം, പെൻഷൻ, സർവീസ് ക്രമവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട തടസം പരിഹരിച്ച് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുകയാണ് ലക്ഷ്യം. വകുപ്പിലെയും ധന, നിയമ വകുപ്പുകളിലെയും മുതിർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ക്ലിനിക്കിന്റെ പ്രവർത്തനം. സർവീസ് വിഷയങ്ങളിലെ കാലതാമസം ഒഴിവാക്കാനും ഭരണനിർവഹണം കൂടുതൽ കാര്യക്ഷമമാക്കാനും ക്ലിനിക്കിലൂടെ കഴിയും. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി അശോക്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പി ജയപ്രകാശ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വിനോദയാത്രക്കിടെ ബൈക്കപടകം: മണാലിയിൽ മരിച്ച മലയാളി യുവാവിൻെറ മൃതദേഹം നാട്ടിലെത്തിച്ചു

കൊച്ചി: വിനോദയാത്രക്കിടെ മണാലിയിൽ ഉണ്ടായ ബൈക്ക് അപകടത്തിൽ മരിച്ച മലയാളി യുവാവിൻറെ മൃതദേഹം നാട്ടിലെത്തിച്ചു. ഐരാപുരം ചീനിക്കുഴി കണ്ടനാടൻ സബിൻ മാത്യു കുര്യൻ (33) ആണ് മരിച്ചത്.

ഒപ്പമുണ്ടായിരുന്ന ഭാര്യ അക്ഷര ജോസ് (28) ഗുരുതര പരിക്കുകളോടെ ഹിമാചലിലെ ആശുപത്രിയിൽ ചികിത്സയിലാണ്. അക്ഷരയെ എയർ ലിഫ്റ്റ് ചെയ്ത് നാട്ടിലെത്തിക്കാൻ ശ്രമം നടക്കുന്നുണ്ട്.

കഴിഞ്ഞ മാസം 12ന് ആയിരുന്നു ഇരുവരും മണാലിയിലേക്ക് വിനോദയാത്ര പോയത്. മണാലിയിൽ നിന്നും വാടകയ്ക്ക് എടുത്ത ബൈക്കിൽ കുളുവിലേക്ക് പോകുന്നതിനിടെ ആയിരുന്നു അപകടം. വിവരമറിഞ്ഞ് കെ.സി. വേണുഗോപാൽ എംപി ഹിമാചൽപ്രദേശ് മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടിരുന്നു. അപകടത്തിൽ മരിച്ച സബിൻ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ ഉദ്യോഗസ്ഥനാണ്.

ഭാര്യ അക്ഷര യുകെയിൽ നഴ്സാണ്. സബിൻറെ മൃതദേഹം നിലവിൽ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലാണ്. അക്ഷരയെ എത്തിച്ചതിന് ശേഷം സംസ്കാരം നടക്കും.

# അന്യസംസ്ഥാന തൊഴിലാളിയുടെ മരണം കൊലപാതകമെന്ന് സംശയം, കേരളം വിട്ട സുഹൃത്തിനെ ചോദ്യംചെയ്യും

കൊച്ചി: മുനമ്പത്ത് അന്യസംസ്ഥാന തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് സംശയം. സെപ്റ്റംബർ ആറിന് ആയിരുന്നു സംഭവം. കുഴുപ്പിള്ളി പള്ളിപ്പുറം കരയിൽ ജോയ് ബ്രദേഴ്സ് പെട്രോൾ പമ്പിന് സമീപത്തെ കടവിലായിരുന്നു പശ്ചിമബംഗാൾ സ്വദേശിയായ കമാൽ മാലോവിൻറെ മൃതദേഹം കണ്ടെത്തിയത്.

മൃതദേഹം കടവിലെ വെള്ളത്തിൽ കമിഴ്ന്നു കിടക്കുന്ന രീതിയിൽ കണ്ട നാട്ടുകാർ പൊലിസിൽ അറിയിക്കുകയായിരുന്നു. മൃതദേഹത്തിൽ പരിക്കുകളും പാടുകളും കണ്ടതോടെയാണ് കൊലപാതകത്തെ തുടർന്നാണ് യുവാവ് കൊല്ലപ്പെട്ടതെന്ന സംശയത്തിലേക്ക് പൊലിസ് എത്തിയത്.

മുനമ്പം ഹാർബറിലെ ഗോഡ്സ്വെ എന്ന ബോട്ടിലെ തൊഴിലാളിയാണ് മരിച്ച കമാൽ മാലോ. മൃതദേഹം കണ്ടെടുക്കുമ്പോൾ മൂന്നു ദിവസത്തെ പഴക്കം ഉണ്ടായിരുന്നു. ഇയാളുടെ സുഹൃത്തുക്കളെ കേന്ദ്രീകരിച്ച് അന്വേഷണം ഊർജിതമാക്കിയിരിക്കുകയാണ് പൊലിസ്.

മൃതദേഹം ലഭിച്ച ശേഷം കേരളം വിട്ടുപോയ ഇയാളുടെ സുഹൃത്തിനെ പൊലിസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ഇയാളെ നാട്ടിലെത്തിച്ച ശേഷം വിശദമായി ചോദ്യം ചെയ്യും. വിശദമായ പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയ ശേഷം മാത്രമേ കൊലപാതകം ആണെന്ന് സ്ഥിരീകരിക്കാൻ സാധിക്കുകയുള്ളു.

# അരവണ ക്ഷാമം: ദേവസ്വം ബോർഡ് പ്രസിഡൻറ് ഇന്ന് മുഖ്യമന്ത്രിയെ കാണും

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. ജയകുമാർ ഇന്ന് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും.

ശബരിമലയിൽ അരവണ,അപ്പം ക്ഷാമം സംബന്ധിച്ച് ദേവസ്വം മന്ത്രി കെ. മുരളീധരൻ ബോർഡിനെ വിമർശിച്ചതിലുള്ള നീരസം അദ്ദേഹത്തിനുണ്ട്. ശബരിമലയിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് അദ്ദേഹം മുഖ്യമന്ത്രിയെ ധരിപ്പിക്കും.

മുഖ്യമന്ത്രിയിൽ നിന്നു മികച്ച പിന്തുണ ലഭിച്ചില്ലെങ്കിൽ ദേവസ്വം ബോർഡ് പ്രസിഡൻറ് സ്ഥാനത്ത് നിന്ന് അദ്ദേഹം രാജിവയ്ക്കാനുള്ള സാധ്യതയും കാണുന്നുണ്ട്. മുഖ്യമന്ത്രിയെ നേരിട്ട് കാണണമെന്ന് കെ. ജയകുമാർ തന്നെയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

# ഫ്ലു പ്രതിരോധ കുത്തിവെയ്പിന് തുടക്കം: സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു

ശിശുക്ഷേമ സമിതിയുടെ കീഴിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന ദത്തെടുക്കൽ - ശിശുപരിചരണ കേന്ദ്രങ്ങളിലെ കുട്ടികൾക്കും അവരെ പരിചരിക്കുന്ന ആയമാർക്കും രോഗപ്രതിരോധ ശേഷി വീണ്ടെടുക്കുന്നതിനായി നൽകുന്ന ഫ്ലു വാക്സിൻ കുത്തിവെയ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം വനിതാ - ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു. പുതിയ വൈറസുകളും ഫംഗസുകളും മെഡിക്കൽ രംഗത്ത് വലിയ വെല്ലുവിളികൾ സൃഷ്ടിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. പ്രതിരോധ കുത്തിവെയ്പുകളെ അതിജീവിച്ച് രൂപമാറ്റം സംഭവിക്കുന്ന ഇത്തരം വൈറസുകൾക്കെതിരെ കുഞ്ഞുങ്ങൾക്കും അവരെ പരിപാലിക്കുന്ന ജീവനക്കാർക്കും സംരക്ഷണമൊരുക്കേണ്ടത് ആവശ്യമാണ്. ഇൻഫ്ലുവൻസ പനിക്ക് ശേഷം കുട്ടികളിൽ കണ്ടുവരുന്ന വിട്ടുമാറാത്ത ചുമ, കണ്ണിനുണ്ടാകുന്ന ഇൻഫെക്ഷൻ തുടങ്ങിയ തുടർ ആരോഗ്യ പ്രശ്നങ്ങൾ തടയാൻ ഫ്ലൂ വാക്സിനേഷൻ സഹായിക്കും. സ്വകാര്യ ആശുപത്രികളിൽ 4,800 രൂപയോളം വിലവരുന്ന ഈ വാക്സിൻ, ജീവകാരുണ്യ പ്രവർത്തകരുടെയും ശിശുക്ഷേമ സമിതിയുടെയും ഫണ്ട് ഉപയോഗിച്ച് സൗജന്യമായാണ് നൽകുന്നത്.

ഡോക്ടർമാരുടെ കൃത്യമായ നിർദേശത്തിലും മേൽനോട്ടത്തിലും ഘട്ടങ്ങളായാണ് വാക്സിൻ വിതരണം ചെയ്യുന്നതെന്നും മന്ത്രി വ്യക്തമാക്കി.എസ്.എ.ടി. ആശുപത്രിയുടെ നിർദേശപ്രകാരം ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നവജാത ശിശുക്കൾക്കാണ് ആദ്യ ഘട്ടത്തിൽ പ്രതിരോധ കുത്തിവെയ്പ് നൽകുന്നത്. ശിശുക്ഷേമ സമിതിയുടെ ആസ്ഥാനത്ത് പുതുതായി നിർമിക്കുന്ന കെട്ടിടത്തിനു മുന്നിൽ കളിയിടം ഒരുക്കുന്നതിനായി ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് രണ്ടു ലക്ഷം രൂപ മന്ത്രിക്ക് കൈമാറി. ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അഡ്വ. ജി.എൽ. അരുൺ ഗോപി അധ്യക്ഷത വഹിച്ച ചടങ്ങിൽ ചെയർപേഴ്സൺ അഡ്വ. മോഹൻ രാജ്, സമിതി ട്രഷറർ കെ ജയപാൽ, എസ്എടി ആശുപത്രി സൂപ്രണ്ട് ഡോ. റിയാസ്, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് സെക്രട്ടറി ഡോ. ശ്രീജിത്ത്, പ്രസിഡന്റ് ഡോ. ഗോപിക, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കവിതാ റാണി രഞ്ജിത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു.



ഫ്ളൂ പ്രതിരോധ കുത്തിവെയ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം ശിശുക്ഷേമ സമിതി ആസ്ഥാനത്ത് വനിത - ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കുന്നു

# മന്ത്രവാദവും അന്ധവിശ്വാസ ചൂഷണവും തടയാൻ നിയമം; വിദഗ്ധ സമിതി കരട് ബിൽ സമർപ്പിച്ചു

മന്ത്രവാദവും അന്ധവിശ്വാസ ചൂഷണവും ഹാനികരമായ പ്രവൃത്തികളും തടയാൻ നിയമനിർമാണം ശുപാർശ ചെയ്ത് വിദഗ്ധ സമിതി അന്തിമ റിപ്പോർട്ടും ഗല്യമഹമ ജ്യല്ലിശേീ ിള ആഹമരസ ങമഴശര, ടീൃരല്യ്യ മിറ കിവൗാമി ജ്ശഹ ജ്യമരശേരലെ ആശഹഹ, 2026 കരട് ബില്ലും സർക്കാരിന് സമർപ്പിച്ചു. കേരള ഹൈക്കോടതിയുടെ നിർദേശത്തെ തുടർന്ന് 2025 നവംബർ 12-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് വിദഗ്ധ സമിതി രൂപീകരിച്ചത്.

സാമൂഹിക, നിയമ, ഭരണഘടനാ മേഖലകൾ പരിശോധിച്ച സമിതി നിലവിലുള്ള നിയമങ്ങളുടെ പരിമിതികളും മറ്റ് സംസ്ഥാനങ്ങളിലെ നിയമങ്ങളും പഠിച്ചു. മതസ്വാതന്ത്ര്യത്തിനുള്ള ഭരണഘടനാ സംരക്ഷണങ്ങളും പൊതുജനങ്ങളിൽനിന്നുള്ള നിർദേശങ്ങളും പരിഗണിച്ചാണ് കേരളത്തിന് അനുയോജ്യമായ കരട് നിയമം തയ്യാറാക്കിയത്.

അമാനുഷികമോ അസാധാരണമായതോ ആയ ശക്തികളുണ്ടെന്ന് അവകാശപ്പെട്ട് ജനങ്ങളെ വഞ്ചിക്കുക, ഭീഷണിപ്പെടുത്തുക, ചൂഷണം ചെയ്യുക, ശാരീരികമോ മാനസികമോ സാമ്പത്തികമോ ആയ ദോഷം വരുത്തുക തുടങ്ങിയ പ്രവൃത്തികൾ തടയുകയാണ് ബില്ലിന്റെ പ്രധാന ലക്ഷ്യം. അതേസമയം, ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യവും നിയമപരമായ മത-പരമ്പരാഗത ആചാരങ്ങളും സംരക്ഷിക്കുന്ന വ്യവസ്ഥകളും ബില്ലിലുണ്ട്.

കേരള നിയമപരിഷ്കരണ കമ്മിഷൻ വൈസ് ചെയർമാനും മുൻ നിയമ സെക്രട്ടറിയും മുൻ ജില്ലാ ജഡ്ജിയുമായ കെ. ശശിധരൻ നായർ, മുൻ സംസ്ഥാന പോലീസ് മേധാവിയും മുൻ ഡിജിപിയുമായ ജേക്കബ് പുന്നൂസ് എന്നിവരാണ് സമിതിയിലെ അംഗങ്ങൾ.